# പത്രക്കുറിപ്പ്

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ആഭിമുഖ്യത്തിലുള്ള ഈ വർഷത്തെ സംസ്ഥാനതല ക്വിസ് മത്സരം 21/02/2018 തീയതി രാവിലെ 9.30 മണിമുതൽ വൈകിട്ട് 3.00 മണിവരെ രാമവർമ്മപുരത്തുള്ള പോലീസ് അക്കാദമിയിലെ ആംഫി തിയേറ്ററിൽ വച്ച് നടത്തുന്നു. സംസ്ഥാനത്തെ 19 പോലീസ് ജില്ലകളിൽ ജില്ലാതലത്തിൽ നടത്തിയ ക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനാർഹമായ ടീമുകളാണ് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി കേഡറ്റുകൾ ഉൾപ്പെടെ 1500 ഓളംപേർ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. മത്സരത്തിന്റെ ഉദ്ഘാടനം 21/02/2018 തീയതി രാവിലെ 9.30 മണിക്ക് ബഹുമാനപ്പെട്ട തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീമതി അജിതാ ജയരാജൻ നിർവ്വഹിക്കും. പ്രശസ്ത സിനിമാതാരം പ്രിയാപ്രകാശ് വാര്യർ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും. വൈകിട്ട് 3.00 മണിക്ക് നടക്കുന്ന സമാപന പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ബഹു.കേരള മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനദാനം നിർവ്വഹിക്കും. ഉദ്ഘാടന സമാപന ചടങ്ങുകളിൽ ജനപ്രതിനിധികളും സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖരും ഉന്നത പോലീസ് ഉദ്യോഗസ്ഥരും പങ്കെടുക്കും.

മേൽചടങ്ങിലേയ്ക്ക് എല്ലാ മാധ്യമസുഹൃത്തുക്കളേയും സാദരം ക്ഷണിച്ചുകൊള്ളുന്നു.

sd/-
ജില്ലാ പോലീസ് മേധാവി
തൃശ്ശൂർ സിറ്റി.